# 3 സൃഷ്ടിശക്തികൾ തങ്ങൾ



**വെ**ള്ളക്കാർ നാടൻ വണിക്കുകളുടെ സഹായത്തോടുകൂടി ഓരോ പട്ടണത്തിലും ചെന്ന് അവിടെയൊരു കച്ചേരി വിളിച്ചുകൂട്ടുകയും ആ പ്രദേശത്തുള്ള ഓരോ ഉൽപാദകനും തങ്ങൾക്ക് വിൽക്കേണ്ട ഉൽപന്നങ്ങളും അവയുടെ വിലയും നിശ്ചയിച്ചു കൊണ്ട് ഒരു കരാർ ഉണ്ടാക്കുകയും ചെയ്തിരുന്നതായി വില്യം ബോൾട്സ് പറയുന്നു. ഒരു ഉൽപാദകനും സമ്മതിക്കുവാൻ കഴിയാത്ത വിധം താണതായിരിക്കും വില. നാട്ടുകാർക്കാകട്ടെ, ഏകപക്ഷീയമായ ഈ കരാറുകളിൽ ഒപ്പുവയ്ക്കാതിരിക്കാനും വഴിയില്ലായിരുന്നു. വിസമ്മതിക്കുന്നവരെ മുക്കാലിയിൽ കെട്ടിയിട്ടുള്ള ചാട്ടവാർപ്രഹരം പോലുള്ള മർദനങ്ങൾക്ക് വിധേയരാക്കുക മാത്രമല്ല, അവരുടെ സമ്പത്തെന്തെങ്കിലുമുണ്ടെങ്കിൽ അതു കണ്ടുകെട്ടി ലേലംവിളിക്കുകയും ചെയ്യുമായിരുന്നു വെള്ളക്കാർ. ഇത്തരം കരാറുകളിൽ നിന്ന് രക്ഷപ്പെടുവാനായി പട്ടുനൂൽ നൂറ്റിരുന്ന പല തൊഴിലാളികളും തള്ളവിരൽ മുറിച്ചുകളഞ്ഞ് നൂൽനൂൽപ്പു തൊഴിലിനോട് വിടപറഞ്ഞതായി തനിക്കറിയാമെന്ന് വില്യം ബോൾട്സ് ബോധിപ്പിച്ചു.

**വ്യാസനും വിഘ്നേശ്വരനും – ആനന്ദ്**

- തള്ളവിരൽ മുറിച്ച്, തൊഴിലിനോടുതന്നെ വിടപറയുകയാണ് തൊഴിലാളികൾ ചെയ്തത്. ഇങ്ങനെ പ്രവർത്തിക്കാൻ അവരെ പ്രേരിപ്പിച്ചതെന്താവാം?

# വേലക്കാരനോ യജമാനനോ?

സുകുമാർ അഴീക്കോട്



യന്ത്രത്തിന്റെ യുഗത്തിൽ ഗാന്ധിജി യന്ത്രനിയന്ത്രണത്തിന്റെ പ്രവാചകനായി നിന്നു. അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങളിൽവച്ച് ഏറ്റവും കടുത്ത എതിർപ്പു നേരിട്ടത് ഈ യന്ത്രലഘൂകരണ സിദ്ധാന്തമായിരുന്നു. രസം തോന്നും, അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങളിൽ വെച്ച് ലോകത്തിന് ഏറ്റവും ആവശ്യമായിട്ടുള്ളതും അതായിരുന്നു! യന്ത്രലഘൂകരണ സിദ്ധാന്തത്തിന്റെ ഇലയും ചില്ലയും മാത്രമാണ് ചർക്കയും ഖാദിയുമൊക്കെ. ഇന്നു ഗാന്ധിജിയുടെ ശബ്ദത്തിന്നു കട്ടികൂടിയതായും ലോകത്തിന്റെ എതിർപ്പ് നേർത്തുവരുന്നതായും, ശ്രദ്ധിച്ചാൽ, മനസ്സിലാക്കാം. കുരിശിലേറ്റിയതിന്നുശേഷം ഉയിർത്തെഴുന്നേൽക്കുന്നവരാണല്ലോ പ്രവാചകന്മാർ.

രാഷ്ട്രീയവും സാമ്പത്തികവുമായ അടിമത്തങ്ങൾ ഇല്ലാതാക്കുവാനുള്ള പരീക്ഷണങ്ങളിൽ ഏർപ്പെട്ടപ്പോളാണ് ഗാന്ധിജി യന്ത്രത്തിന്റെ ഭീകരമായ ആധിപത്യം എത്രത്തോളമെത്തിയിട്ടുണ്ടെന്ന് കണ്ടത്. രാഷ്ട്രീയവും സാമ്പത്തികവുമായ അടിമത്തങ്ങൾ മാത്രമല്ല, ആത്മീയമായ അടിമത്തംകൂടി യന്ത്രം സൃഷ്ടിക്കുന്നുണ്ടെന്ന് അദ്ദേഹത്തിന് അപ്പോൾ വെളിവായി. ഗാന്ധിജിയുടെ സ്വാതന്ത്ര്യം ജീവിതത്തോളം തന്നെ വലുതാകയാൽ വെറും രാഷ്ട്രീയമോ സാമ്പത്തികമോ ആയ അടിമത്തം ഇല്ലാതാക്കിയാൽ പോരെന്ന് അദ്ദേഹത്തിന്നു തോന്നുകയും ഇരുപതാം നൂറ്റാണ്ടിന്റെ ആത്മാവിനെപ്പോലും ബാധിച്ച യന്ത്രബ്ഭ്രമം ഇല്ലാതാക്കാൻ അദ്ദേഹം നന്നേ പണിപ്പെടുകയും ചെയ്തു. ഏതടിമത്തവും ചീത്തയാണ്; പക്ഷേ, വേലക്കാരനിൽ നിന്നുള്ള അടിമത്തം ഏറ്റവും ചീത്തയാണ്. വേലക്കാരൻ യജമാനനാണെന്ന് സാക്ഷാൽ യജമാനന്നു തെറ്റിദ്ധാരണയുണ്ടാകുമ്പോഴാണ്, ഏറ്റവും നിന്ദ്യമായ ഈ അടിമത്തം ഉയിരെടുക്കുന്നത്. യന്ത്രം മനുഷ്യന്റെ മേൽ ഉറപ്പിച്ച ഈ ദുർഭരമായ 'കിങ്കരസ്വേച്ഛാധിപത്യം' അവസാനിപ്പിക്കലാണ് യന്ത്രലഘൂകരണത്തിന്റെ ലക്ഷ്യം.

യന്ത്രത്തെപ്പറ്റി എഴുതപ്പെട്ട ഏറ്റവും നിഷ്കൃഷ്ടമായ അഭിപ്രായങ്ങൾ വായിക്കണമെങ്കിൽ ഗാന്ധിജിയുടെ പ്രബന്ധങ്ങൾ നോക്കിയാൽ മതി. അവയിൽ വച്ച് ഏറ്റവും നിശിതമായ അഭിപ്രായങ്ങൾ വായിക്കാൻ 'ഹിന്ദ്സ്വരാജും' അതിലെ ഏറ്റവും നിർദയമായ അഭിപ്രായം കാണാൻ 19-ാം അധ്യായവും നോക്കുക

തന്നെ വേണം. യന്ത്രത്തിന്ന് ഒരൊറ്റ ഗുണവുമില്ലെന്ന് അതിലദ്ദേഹം എഴുതി. യന്ത്രത്തോടുള്ള എതിർപ്പിന്ന് ഗാന്ധിജി ആക്ഷേപിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അതു മിക്കവാറും 'ഹിന്ദ്സ്വരാജി'ലെ 19-ാം അധ്യായത്തിലെ അഭിപ്രായങ്ങളുടെ പേരിലായിരിക്കും. എന്നാൽ, അദ്ദേഹം യന്ത്രത്തെപ്പറ്റിയെഴുതിയ മുഴുവൻ അഭിപ്രായങ്ങളും അവയുടെ മുഴുവൻ സാരവും ഗ്രഹിച്ച ഒരാൾക്ക് വെറും ഒരു പുസ്തകം വായിച്ച പല്ലവഗ്രാഹിയായ ഒരാളെപ്പോലെ അദ്ദേഹത്തെ എതിർക്കാനാവുകയില്ല. കാരണം, ആ അഭിപ്രായങ്ങൾ പലതും പുതിയ ശാസ്ത്രീയസത്യങ്ങളുടെ വെളിച്ചത്തിൽ ആരോഗ്യത്തോടെ വിലസുന്നവയാണ്. അവയെ എതിർക്കുന്നവന്ന് ഇന്നത്തെ ശാസ്ത്രീയചിന്തകർക്കു മുമ്പിൽ സ്വൽപ്പം കുനിഞ്ഞു നിൽക്കേണ്ടിവരും.

'ഹിന്ദ് സ്വരാജ്' ഗാന്ധിജിയുടെ സിദ്ധാന്തങ്ങളുടെയും അഭിപ്രായങ്ങളുടെയും ആദ്യത്തെ കൈപ്പകർപ്പാണ്. കാലം ചെല്ലുന്തോറും അവ തിരുത്തപ്പെടുകയും പരിഷ്കരിക്കപ്പെടുകയും ചെയ്തു. ഉരൽക്കുറ്റിപോലെ അനങ്ങാത്തതും വളരാത്തതുമായ ഒരു സാധനമല്ല ഗാന്ധിസം. സാഹചര്യങ്ങളുടെ വ്യത്യാസത്തിന്നൊത്തു താൻ അഭിപ്രായങ്ങൾ പരിഷ്കരിക്കാറുണ്ടെന്നും അതിനാൽ പണ്ടു താൻ പറഞ്ഞ കാര്യങ്ങൾ പിന്നീടു വേറെ മട്ടിൽ പറയേണ്ടിവന്നിരിക്കാമെന്നും എങ്കിലും മൗലികമായി തന്റെ അഭിപ്രായങ്ങൾ പൂർവാപരബന്ധമുള്ളവയാണെന്നും ഗാന്ധിജി തുറന്നെഴുതിയിട്ടുണ്ട് (ഹരിജൻ 28-1-1939, 30-9-1939). ഈ നിലയ്ക്ക് 'ഹിന്ദ് സ്വരാജി'നെ മുൻനിർത്തി ഗാന്ധിജി യന്ത്രവിരോധിയാണെന്നും 'കാളവണ്ടിയുടെ പ്രവാചകൻ' ആണെന്നും ആക്ഷേപിക്കുന്നവർ സത്യസന്ധരല്ല. തയ്യൽക്കാരൻ തുന്നാൻ വേണ്ടി മുറിച്ചിട്ട തുണിക്കഷണങ്ങൾക്ക് തുല്യമാണ്, 'ഹിന്ദ് സ്വരാജി'ൽ യന്ത്രത്തെപ്പറ്റി ഗാന്ധിജി പുറപ്പെടുവിച്ച അഭിപ്രായങ്ങൾ. യന്ത്രം പാപമാണെന്നും തീരെ നശിക്കേണ്ടതാണെന്നുമുള്ള



അതിലെ ആശയങ്ങൾ, മുറിച്ച തുണിയായിട്ടല്ലാതെ, തുന്നിത്തീർന്ന ഉടുപ്പായി നാമെടുക്കരുത്. 1908-ൽ അതെഴുതിയതിന്നുശേഷം, തന്റെ ആലോചനയിലൂടെയും മറ്റുള്ളവരുടെ വിമർശനംകൊണ്ടും ഗാന്ധിജി വളരുകയായിരുന്നു. അന്ന് ഗാന്ധിജി യന്ത്രത്തെപ്പറ്റി പ്രസ്താവിച്ച അഭിപ്രായങ്ങൾ ജി.ഡി.എച്ച്. കോൾ, മിഡിൽട്ടൻ മറി, പ്രൊഫ. ഡെലൈൽ ബേൺസ് എന്നീ ചിന്തകന്മാരുടെ വിമർശനത്തിനു പാത്രമായിരുന്നു. ചർക്കപോലും യന്ത്രമാണെന്ന് അവർ ചൂണ്ടിക്കാട്ടി. അത് 1938 ൽ ആണ്. അതിന്ന് എത്രയോ മുമ്പു തന്നെ ഗാന്ധിജി തന്റെ പഴയ അഭിപ്രായങ്ങൾ തേച്ചുമിനുക്കി നന്നാക്കിയെടുത്തിരുന്നു.

യന്ത്രത്തെപ്പറ്റി ഗാന്ധിജിക്കുള്ള പരിപക്വമായ അഭിപ്രായം, എപ്പോൾ അതു മനുഷ്യദ്രോഹകരമാകുന്നുവോ, ആ അതിരിൽ വച്ച് അതു നിയന്ത്രിക്കപ്പെടണമെന്നാണ്. 'യങ് ഇന്ത്യ'യിൽ (5 - 11 - 1925) ഇങ്ങനെ കാണുന്നു: "യന്ത്രത്തിന്നു സ്ഥാനമുണ്ട്. അതു നിലനിൽക്കുന്നതത്രേ. പക്ഷേ, ആവശ്യമായ മനുഷ്യപ്രയത്നത്തിന്നു സ്ഥാനഭ്രംശം വരുത്താൻ അതിനെ അനുവദിച്ചുകൂടാ." എല്ലാ യന്ത്രങ്ങൾക്കും ഗാന്ധിജി എതിരാണോ എന്നൊരു ചോദ്യത്തിന്ന് അദ്ദേഹം കൊടുത്ത മറുപടി 'അല്ല' എന്നായിരുന്നു.

"പക്ഷേ," അദ്ദേഹം തുടർന്നു: "അതു വിചാരശൂന്യമായി പെരുപ്പിക്കുന്നതിന്നു ഞാനെതിരാണ്." (യങ് ഇന്ത്യ, 17.6.1926)

ഈ വക അഭിപ്രായങ്ങൾ 'ഹിന്ദ് സ്വരാജി'ലെ അഭിപ്രായത്തിന്ന് കുറച്ചൊക്കെ എതിരാണെങ്കിൽ, പൂർവാപരവൈരുധ്യത്തിന്റെ ആ സ്ഥിതി ഗാന്ധിജിക്ക് ഒരിക്കലും ഭൂഷണമാവില്ലല്ലോ. യന്ത്രമേ വേണ്ട എന്ന നിലപാടായിരുന്നു ആദ്യത്തെ പുസ്തകത്തിൽ അദ്ദേഹം പ്രകടിപ്പിച്ചത്. പക്ഷേ, പൂർവാപര വിരുദ്ധമെന്നു തോന്നിക്കാനിടയുള്ള തന്റെ പഴയതും പുതിയതുമായ അഭിപ്രായങ്ങളെ അന്യോന്യം അദ്ദേഹം ഇണക്കിനിർത്തുന്നുണ്ട്. അത് ഇപ്രകാരമാണ്: "പരമാദർശം വച്ച് പറഞ്ഞാൽ, ഞാൻ എല്ലാ യന്ത്രങ്ങളെയും ബഹിഷ്കരിക്കും. ആത്മസാക്ഷാത്കാരത്തിന്ന് സഹായിക്കാത്ത ഈ ശരീരം ഉപേക്ഷിക്കുവാനും ആത്മാവിന്റെ കേവലമായ മോക്ഷത്തിന്ന് യത്നിക്കുവാനും ഞാൻ എങ്ങനെ ഒരുക്കമാണോ, അതുപോലെയാണിത്. ആ നോട്ടത്തിൽ, ഞാൻ എല്ലാ യന്ത്രങ്ങളെയും ബഹിഷ്കരിക്കും. എന്നാലും യന്ത്രങ്ങൾക്കു സ്ഥാനമുണ്ട്. കാരണം, ശരീരത്തെപ്പോലെ അവ ഒഴിച്ചുകൂടാനാവാത്തതാണ്" (യങ് ഇന്ത്യ, 20-11-1924).

ലോകവ്യവഹാരത്തിൽ യന്ത്രങ്ങൾക്കു സ്ഥാനമുണ്ടെന്നുതന്നെയാണ് യന്ത്രത്തെ തീരെ നിഷേധിക്കുമ്പോഴും, ഗാന്ധിജി ഉദ്ദേശിക്കുന്നത്. യന്ത്രയുഗത്തിനു താൻ എതിരാണെന്നു പറയുന്നത് തന്റെ അഭിപ്രായങ്ങളെ വികൃതമാക്കലാണെന്നു ഗാന്ധിജി ഒരു ചോദ്യകർത്താവിനോട് ഒരവസരത്തിൽ മറുപടിയായി പറഞ്ഞു. "യന്ത്രമാണെന്നു വെച്ചു മാത്രം ഒരു യന്ത്രത്തിന്നും ഞാനെതിരല്ല. എന്നാൽ അതു നമ്മെ അടിമപ്പെടുത്തുമ്പോൾ ഞാനതിന് എതിരാണ്" (ഹരിജൻ, 13.11.1924). യന്ത്രം നമ്മെ അടിമപ്പെടുത്തുന്നത് നമുക്കു യന്ത്രബ്ഭ്രാന്ത് പിടിപെടുമ്പോളാണ്. ആ ഭ്രാന്തിനെപ്പറ്റി കുറേ കടുവാക്കുകൾ പറയാനുണ്ട് മഹാത്മാവിന്ന്. "ഞാനെതിർക്കുന്നത് വെറും യന്ത്രത്തെയല്ല; യന്ത്രഭ്രാന്തിനെയാണ്. പ്രയത്നം ലഘൂകരിക്കുന്ന യന്ത്രത്തെച്ചൊല്ലിയാണ് ഈ ഭ്രാന്ത്. മനുഷ്യർ പ്രയത്നം ലഘൂകരിച്ച് അവസാനം ആയിരക്കണക്കിന്നാളുകൾ ജോലിയില്ലാതെ തെരുവുതെണ്ടി പട്ടിണികിടന്നു ചാവുന്നു. എല്ലാവർക്കും സമയവും പ്രയത്നവും ലഘൂകരിച്ചു കൊടുക്കുവാൻ ഞാനാഗ്രഹിക്കുന്നു, കുറച്ചാളുകൾക്കു മാത്രമല്ല, അനേകലക്ഷം ആളുകളുടെ ചുമലിൽ കയറുവാൻ കുറച്ചു പേരെ സഹായിക്കുകയാണ് ഇന്ന് യന്ത്രം ചെയ്യുന്നത്. പ്രയത്നം ലഘൂകരിക്കണമെന്ന സേവനമനോഭാവമല്ല, ദുരാശയാണ് ഇതിന്റെയെല്ലാം അടിയിലെ പ്രേരണ. സർവശക്തിയുമുപയോഗിച്ചു ഞാനെതിർക്കുന്നത് ഈ വസ്തുസ്ഥിതിയെയാണ്." (യങ് ഇന്ത്യ, 13-11-1924)

കൂറ്റൻ യന്ത്രങ്ങളും മില്ലുകളും സ്ഥാപിച്ച് വസ്തുക്കൾ നിർമിച്ചുതുടങ്ങിയാൽ, ചുരുക്കം ചിലർ ധനികരും അധികാരികളും ആകുന്നുവെന്ന ദോഷത്തിന്നു പുറമേ രണ്ടു ദോഷങ്ങൾ കൂടിയുണ്ട്. ഗാന്ധിജി അവ രണ്ടും കണ്ടിരിക്കുന്നു. ഒന്ന് ഉൽപന്നങ്ങൾ ധാരാളമായി രാജ്യങ്ങൾ തമ്മിൽ വിപണികൾക്കുവേണ്ടിയുള്ള മത്സരം തുടങ്ങും എന്നതാണ്. യുദ്ധത്തിന്റെ അടുത്ത ചാർച്ചക്കാരനാണു വിപണിമത്സരം. തന്റെ നിരുപമമായ ശൈലിയിൽ ഗാന്ധിജി ഈ ആപത്തിനെക്കുറിച്ചു പറഞ്ഞത്, അമേരിക്കയുടെ മട്ടിൽ വൻനാടായ ഇന്ത്യ വ്യവസായവൽകൃതമായാൽ ഒരു നാദിർഷായോ ജെങ്കിസ്ഖാനോ വേണ്ടിവരും വിപണികൾ നേടുന്നതിന്നു പടയൊരുക്കം ചെയ്യാൻ എന്നാണ് (ഹരിജൻ, 29-08-1936). നാദിർഷാകൾ ഉണ്ടാവുന്ന പരിതസ്ഥിതി അല്ല, കുടിൽ വ്യവസായങ്ങൾ എല്ലാ ഗ്രാമങ്ങളിലും സംഘടിപ്പിക്കുകയും





പ്രവർത്തിക്കാൻ കഴിവുള്ളവർ മുഴുവൻ പ്രവർത്തിക്കുകയും നാട് സ്വയം സമ്പൂർണ മാവുകയും ചെയ്യുന്ന പരിതസ്ഥിതിയാണ് ഗാന്ധിജി വിഭാവനം ചെയ്യുന്നത്. സാമ്പത്തികമായ സ്വയംപര്യാപ്തി ഒരു ദേശത്തെ മറ്റു ദേശങ്ങളിൽ നിന്ന് അകറ്റിക്കളയുമെന്നു ചിലർ പേടിക്കുന്നു. ഡോ. ഡെ ബോവർ ഈ പേടിയെപ്പറ്റി ഗാന്ധിജിയോട് സംശയം ചോദിച്ചപ്പോൾ ഗാന്ധിജി മറുപടി പറഞ്ഞത്, വ്യവസായത്തിന്റേതല്ലാത്ത മറ്റു മാർഗങ്ങൾ ദേശങ്ങളുടെ അന്യോന്യ സമ്പർക്കത്തിന്നുണ്ടല്ലോ എന്നാണ് (ഹരിജൻ, 12-02-1938). പരസ്പരം ചൂഷണം ചെയ്യാനുദ്ദേശിച്ചുകൊണ്ടുള്ള വ്യവസായ-വാണിജ്യമത്സരമല്ല രാജ്യങ്ങളുടെ ചേർച്ചയ്ക്കും വേഴ്ചയ്ക്കും പറ്റിയ രംഗം. സാഹിത്യം, മതം, ശാസ്ത്രം എന്നിവയുടെ സരണികളിലൂടെ രാജ്യങ്ങൾക്കു തമ്മിൽ ഉത്തമമായ സംസർഗമുണ്ടാവുന്നതാണ്. ഹ്യുയാൻസാങ് ഇന്ത്യയിൽ വന്നതു കച്ചവടച്ചരക്കുകൾ വിറ്റഴിക്കുവാനായിരുന്നില്ലല്ലോ. രാജ്യങ്ങളുടെ സഹകരണത്തിനു ഹ്യുയാൻസാങിന്റെ വഴിയാണ്, കൊളംബസിന്റെ വഴിയല്ല കൈക്കൊള്ളേണ്ടത്.

രണ്ടാമത്തെ ദോഷം കൂടുതൽ ഗൗരവമുള്ളതാണ്. ഒരു വംശമെന്ന നിലയിൽ മനുഷ്യന്റെ ഭാവിയെപ്പോലും അതു ബാധിച്ചേക്കാം. പ്രവർത്തിക്കാനാണ് കൈകാലുകൾ സൃഷ്ടിക്കപ്പെട്ടതെന്നും അവ വേണ്ടപോലെ ഉപയോഗിക്കാതെ യന്ത്രങ്ങളെ ആശ്രയിച്ചു ജീവിച്ചാൽ മനുഷ്യന്റെ കർമശക്തി കാലക്രമേണ ക്ഷയിച്ചുപോകാനിടയുണ്ടെന്നും ഗാന്ധിജിക്കഭിപ്രായമുണ്ട്. കർമം ചെയ്തില്ലെങ്കിൽ പ്രകൃതി ഘോരമായ പ്രതികാരം ചെയ്യുമെന്നാണ് ഗാന്ധിജിയുടെ താക്കീത്. "സ്വന്തം കൈകളെ കൈകളെപ്പോലെ അധികമാളുകളും ഉപയോഗിക്കാതിരിക്കുന്നത് കൊടിയൊരു ദുരന്തകഥയത്രേ. പ്രകൃതി മനുഷ്യജീവികളായ നമുക്കു നൽകിയ ആ അനുഗ്രഹത്തെ നാം പാഴാക്കിക്കളയുന്ന കുറ്റത്തിന്, നമ്മുടെ മേൽ ഭയങ്കരമായ പ്രതികാരം ചെയ്യുന്നുണ്ട്" (യങ് ഇന്ത്യ, 17.02.1927). സജീവമായ ശരീരയന്ത്രമാണ് ജീവശൂന്യമായ ആയസയന്ത്രങ്ങളേക്കാൾ നല്ലതെന്ന് 1925 ജനുവരി 8-ാം തീയതിയിലെ 'യങ് ഇന്ത്യ' യിലും മഹാത്മജി സ്പഷ്ടമാക്കിത്തന്നിട്ടുണ്ട്.

ഗീതാകാരൻ, ടോൾസ്റ്റോയി മുതലായ ചുരുക്കം ആത്മീയനേതാക്കളെ ഒഴിച്ചുനിർത്തിയാൽ, കർമത്തെ ദൈവമായിക്കണ്ട രാഷ്ട്രീയനേതാക്കളിൽ മുമ്പൻ ഗാന്ധിജിയാണ്. തൊഴിലിന്റെ മഹത്ത്വം അദ്ദേഹത്തിന്റെ പ്രാണവിശ്വാസങ്ങളിൽ ഒന്നായിരുന്നു. പണക്കാരും പഠിച്ചവരും പണിയെടുക്കുവാൻ മടിയുള്ളവരായിരിക്കുന്നതിനെ 'വൃത്തികെട്ട ഈ നൂറ്റാണ്ടിന്റെ തോട്ടി'യായ മഹാത്മാഗാന്ധി അങ്ങേയറ്റം അപലപിച്ചു. "ഇന്ന് ഇന്ത്യയിൽ ധനികരും ഉയർന്ന വർഗക്കാരെന്നറിയപ്പെടുന്നവരും ശാരീരികപ്രവൃത്തി വെറുക്കുന്നതുകൊണ്ട് വേലയുടെ ഉൽക്കൃഷ്ടതയെപ്പറ്റി ഊന്നിപ്പറയുന്നത് അത്യാവശ്യമായിത്തീർന്നിരിക്കുന്നു. യഥാർഥമായ ബുദ്ധിവികാസത്തിന്നു വേണ്ടിയും മനുഷ്യൻ പ്രയോജനപ്രദമായി എന്തെങ്കിലും ശാരീരിക പ്രവൃത്തിയിൽ വ്യാപരിക്കേണ്ടതാണ്.

കർമം സൃഷ്ടികർത്താവിനാൽ നിയോഗിക്കപ്പെട്ട ഒരു യജ്ഞമാണെന്നാണ് ഗാന്ധിജിയുടെ മതം (ഹരിജൻ, 29-06-1935). വേലയെപ്പറ്റി ഭൂമിയിൽ മനുഷ്യനുച്ചരിച്ച വാക്കുകളിൽ വച്ച് ഏറ്റവും മഹനീയമായവ ഗാന്ധിജിയാണു

പറഞ്ഞത്: "പട്ടിണികിടക്കുകയും തൊഴിലില്ലാതെയിരിക്കുകയും ചെയ്യുന്ന ഒരു ജനതയുടെ മുമ്പിൽ, പ്രവൃത്തിയുടെയും കൂലിയായിട്ടുള്ള ഭക്ഷണവാഗ്ദാനത്തിന്റെയും രൂപത്തിലല്ലാതെ പ്രത്യക്ഷപ്പെടുവാൻ ഈശ്വരന്നു പോലും ധൈര്യമുണ്ടാവുകയില്ല" (യങ് ഇന്ത്യ, 13-10-1921). അതേ ഉപന്യാസത്തിൽ ഭക്ഷണം കവിതയാണെന്നും ഗാന്ധിജി പ്രഖ്യാപിച്ചു. "വിശക്കുന്ന ജനലക്ഷങ്ങൾ ഒരു കവിതയ്ക്കു വേണ്ടി ചോദിക്കുന്നു - ശക്തിയുണ്ടാക്കുന്ന ഭക്ഷണത്തിന്നു വേണ്ടി. അവർക്ക് അത് കൊടുക്കുകയല്ല വേണ്ടത്; അതവർ സമ്പാദിക്കുകയാണു വേണ്ടത്. നെറ്റിയിലെ വിയർപ്പുകൊണ്ടു മാത്രമേ അതു സമ്പാദിക്കാനാവുകയുള്ളു." രവീന്ദ്രനാഥ ടാഗോറിനെപ്പോലുള്ള കവിയാവട്ടെ, സി.വി.രാമനെപ്പോലുള്ള ശാസ്ത്രജ്ഞനാവട്ടെ, കായിക കർമം അനുഷ്ഠിക്കാതിരിക്കുന്നതു തെറ്റാണെന്ന് ഗാന്ധിജി ഉറച്ചു പറഞ്ഞു (ഹരിജൻ, 23-2-1947).

**മഹാത്മാവിന്റെ മാർഗം**

- "കരിനിലമുഴുമാക്കർഷകനോടും
  വർഷം മുഴുവൻ വഴി നന്നാക്കാൻ
  പെരിയ കരിങ്കൽപ്പാറ നുറുക്കി
  നുറുക്കിയൊരുക്കും പണിയാളരൊടും
  ചേർന്നമരുന്നൂ ദൈവം"

  **ഗീതാഞ്ജലി - രവീന്ദ്രനാഥ ടാഗോർ**

  ഈ വരികളിലെ ആശയവുമായി യോജിക്കുന്ന ചിന്തകൾ ലേഖനത്തിൽ നിന്നു കണ്ടെത്തി താരതമ്യം ചെയ്യുക.

- "ഏതടിമത്തവും ചീത്തയാണ്. വേലക്കാരൻ യജമാനനാണെന്ന് സാക്ഷാൽ യജമാനനു തെറ്റിദ്ധാരണയുണ്ടാകുമ്പോഴാണ് ഏറ്റവും നിന്ദ്യമായ ഈ അടിമത്തം ഉയിരെടുക്കുന്നത്." ലേഖകൻ നടത്തുന്ന ഈ പരാമർശം തലക്കെട്ടിന്റെ വ്യാഖ്യാനം തന്നെയല്ലേ? 'വേലക്കാരനോ യജമാനനോ?' എന്ന തലക്കെട്ട് ഈ ലേഖനത്തിന് എത്രമാത്രം അനുയോജ്യമാണ്?

- "കുരിശിലേറ്റിയതിനുശേഷം ഉയിർത്തെഴുന്നേൽക്കുന്നവരാണല്ലോ പ്രവാചകൻമാർ" സന്ദർഭത്തിലെ ആശയം വെളിവാക്കാൻ ഇത്തരം വാക്യങ്ങൾ പര്യാപ്തമാണോ? ലേഖനത്തിലെ സമാനമായ വാക്യങ്ങൾ കണ്ടെത്തി പരിശോധിക്കുക.

- "പരമാദർശം വച്ച് പറഞ്ഞാൽ, ഞാൻ എല്ലാ യന്ത്രങ്ങളെയും ബഹിഷ്കരിക്കും. ആത്മസാക്ഷാത്കാരത്തിന് സഹായിക്കാത്ത ഈ ശരീരം ഉപേക്ഷിക്കുവാനും ആത്മാവിന്റെ കേവലമായ മോക്ഷത്തിന് യത്നിക്കുവാനും ഞാൻ എങ്ങനെ ഒരുക്കമാണോ, അതുപോലെയാണിത്. ആ നോട്ടത്തിൽ ഞാൻ എല്ലാ യന്ത്രങ്ങളെയും ബഹിഷ്കരിക്കും. എന്നാലും യന്ത്രങ്ങൾക്കു സ്ഥാനമുണ്ട്. കാരണം, ശരീരത്തെപ്പോലെ അവ ഒഴിച്ചുകൂടാനാവാത്തതാണ്." ഗാന്ധിജിയുടെ ഈ അഭിപ്രായത്തിലെ ആശയങ്ങൾ വികസിപ്പിക്കുക.

- യന്ത്രവുമായി ബന്ധപ്പെട്ട് പാഠഭാഗത്തു പ്രയോഗിച്ചിട്ടുള്ള പദസംഘാതങ്ങൾ ശ്രദ്ധിക്കുക.

| | | |
|---|---|---|
| യന്ത്രബ്ഭ്രാന്ത് | - | യന്ത്രത്തോടുള്ള ഭ്രാന്ത് |
| യന്ത്രബ്ഭ്രമം | - | യന്ത്രത്തോടുള്ള ഭ്രമം |
| യന്ത്രവിരോധം | - | യന്ത്രത്തോടുള്ള വിരോധം |
| യന്ത്രയുഗം | - | യന്ത്രത്തിന്റെ യുഗം |
| യന്ത്രലഘൂകരണം | - | യന്ത്രത്തെ ലഘൂകരിക്കൽ |

ഇവയ്ക്കെല്ലാം ഒരേ അർഥമാണോ ഉള്ളത്? ചർച്ചചെയ്യുക.

- "ഞാനെതിർക്കുന്നത് വെറും യന്ത്രത്തെയല്ല; യന്ത്രബ്ഭ്രാന്തിനെയാണ്. പ്രയത്നം ലഘൂകരിക്കുന്ന യന്ത്രത്തെ ചൊല്ലിയാണ് ഈ ഭ്രാന്ത്. മനുഷ്യർ പ്രയത്നം ലഘൂകരിച്ച് അവസാനം ആയിരക്കണക്കിനാളുകൾ ജോലിയില്ലാതെ തെരുവു തെണ്ടി പട്ടിണികിടന്നു ചാവുന്നു. പ്രയത്നം ലഘൂകരിക്കണമെന്ന സേവനമനോഭാവമല്ല, ദുരാശയാണ് ഇതിന്റെയെല്ലാം അടിയിലെ പ്രേരണ. സർവശക്തിയുമുപയോഗിച്ച് ഞാൻ എതിർക്കുന്നത് ഈ വസ്തുസ്ഥിതിയെയാണ്"- ഗാന്ധിജിയുടെ ഈ നിലപാടുകൾ 'മോഡേൺ ടൈംസ്' എന്ന ചലച്ചിത്രത്തിൽ എത്രത്തോളം ആവിഷ്കരിക്കപ്പെടുന്നുണ്ട്? ചർച്ചചെയ്യുക.

# ‘മോഡേൺ ടൈംസ്’ - ആധുനിക കാലത്തിന്റെ ഉൽക്കണ്ഠകൾ

വി. കെ. ജോസഫ്



കണ്ണീരിനും ചിരിക്കുമിടയിലൂടെ സഞ്ചരിച്ച് ലോകമെങ്ങുമുള്ള മനുഷ്യരുടെ ഹൃദയത്തിലേക്കു പാലം പണിത ചലച്ചിത്രകാരനാണ് ചാർലി ചാപ്ലിൻ. ചെറിയ മീശയും അയഞ്ഞ പാന്റ്സും ഇറുകിയ കോട്ടും ചെറിയ തൊപ്പിയും കൈയിൽ വടിയുമായി ലോകത്തെ കീഴടക്കിയ ചാപ്ലിൻകഥാപാത്രങ്ങൾ നമ്മുടെ തന്നെ വിഭിന്ന രൂപങ്ങളാണ്. ദരിദ്രന്റെ ആത്മാവ് തൊട്ടറിഞ്ഞ ചാപ്ലിൻ ദാരിദ്ര്യത്തിന്റെ മാനാപമാനങ്ങൾ ലോകമനസ്സാക്ഷിക്കുമുമ്പിൽ തുറന്നുകാട്ടി.

അധ്വാനം ആഹ്ലാദകരമായ അനുഭവമാകുന്നതിൽനിന്ന് മനുഷ്യരെ തടയുന്ന, മനുഷ്യരെ സ്വന്തം അധ്വാനഫലത്തിൽ നിന്ന് അന്യരാക്കുന്ന യന്ത്രവൽകൃത സമൂഹത്തിനെതിരെയാണ് ചാപ്ലിന്റെ ‘ആധുനികകാലം’ (Modern times) എന്ന സിനിമ സംസാരിക്കുന്നത്. ആധുനികയുഗത്തിൽ മനുഷ്യൻ യന്ത്രമായി മാറുന്നത് എനിക്ക് ലോകത്തോടു പറയേണ്ടതുണ്ട്, അതുകൊണ്ടാണ് ഞാൻ ‘മോഡേൺ ടൈംസ്’ നിർമിച്ചത് എന്ന് ചാപ്ലിൻ പറഞ്ഞിട്ടുണ്ട്. ചലച്ചിത്രകാരന്മാരും ചലച്ചിത്രനിരൂപകരും അക്കാദമികളും ഒക്കെ ലോകത്തെ ഏറ്റവും നല്ല സിനിമകളുടെ പട്ടികകളിൽ നിർബന്ധമായും സ്ഥാനം നൽകുന്ന ഒന്നാണ് ‘മോഡേൺ ടൈംസ്.’ ഈ സിനിമ വീണ്ടും കാണുമ്പോൾ അതിനെ ചരിത്രപരമായും സൗന്ദര്യശാസ്ത്രപരമായും എങ്ങനെയാണ് അടയാളപ്പെടുത്തുക എന്നുള്ളത് ഓരോ പ്രേക്ഷകന്റെയും അന്വേഷണമാണ്. അല്ലെങ്കിൽ ഇക്കാലത്തും എന്തുകൊണ്ടാണ് വളരെ പ്രധാനപ്പെട്ടതും പ്രിയപ്പെട്ടതുമായി ഈ സിനിമ നിലനിൽക്കുന്നതെന്ന അന്വേഷണാത്മക പഠനങ്ങളിലേക്ക് ഓരോ പ്രേക്ഷകനും സഞ്ചരിക്കേണ്ടതുണ്ട്.

1936-ൽ നിർമിച്ച ഈ സിനിമയുടെ പ്രമേയപരിസരം 1930-കളിൽ അമേരിക്കയെ ഗ്രസിച്ച ഭീകരമായ സാമ്പത്തികമാന്ദ്യവും തകർച്ചയുമാണ്. അതോടെ ലക്ഷക്കണക്കിനു മനുഷ്യരാണ് പെട്ടെന്ന് നിസ്വരായി തെരുവിലാക്കപ്പെട്ടത്. നൂറുകണക്കിന് ഫാക്ടറികൾ പൂട്ടി.



തെരുവിൽ തെണ്ടികളും ദരിദ്രരും നിറഞ്ഞു. ഈ അനുഭവങ്ങളാണ് ആധുനികകാലത്തിന്റെ സാക്ഷ്യമായി സിനിമയിൽ പ്രത്യക്ഷപ്പെട്ടത്. ലാഭത്തെ മാത്രം മുൻനിർത്തി പ്രവർത്തിക്കുന്ന യന്ത്രവൽകൃതമായ ഒരു സാമൂഹിക - സാമ്പത്തികവ്യവസ്ഥയും സമൂഹവും എങ്ങനെയാണ് മനുഷ്യത്വരഹിതമായിത്തീരുന്നതെന്നും എങ്ങനെയാണ് അത് തകർന്നടിയുന്നതെന്നും ഈ സിനിമ കാട്ടിത്തരുന്നു.

സിനിമയിൽ ചാപ്ലിൻ ഒരു ഫാക്ടറിത്തൊഴിലാളിയാണ്. കഠിനവും വിശ്രമമില്ലാത്തതുമായ തൊഴിലും അതിന്റെ യാന്ത്രികതയും മുതലാളി സൃഷ്ടിക്കുന്ന സമ്മർദങ്ങളും ഫാക്ടറിയിലെ അന്തരീക്ഷവും ഒക്കെക്കൊണ്ട് ചാപ്ലിന്റെ മനോനില തെറ്റുന്നു. ഒരിക്കൽ ജോലിക്കിടയിൽ ചാപ്ലിൻ യന്ത്രങ്ങൾക്കകത്ത് പെട്ടുപോയി. വലിയ ചക്രങ്ങൾക്കുള്ളിലൂടെയുള്ള സഞ്ചാരം അയാളുടെ മനസ്സിന്റെ സമനില പാടെ തകർത്തുകളഞ്ഞു. ഫാക്ടറിയിൽനിന്ന് അയാളെ ഒരാംബുലൻസിൽ മനോരോഗാശുപത്രിയിലാക്കുന്നു. കുറേ നാളുകൾക്കുശേഷം ചാപ്ലിൻ ആശുപത്രി വിടുമ്പോഴേക്കും ഫാക്ടറി പൂട്ടിക്കഴിഞ്ഞിരുന്നു. തെരുവിൽ തൊഴിലാളികൾ പ്രകടനം നടത്തുന്നതിനിടയിലേക്കാണ് ഇതൊന്നും അറിയാതെ ചാപ്ലിനെത്തുന്നത്. എന്തോ സാധനങ്ങൾ കയറ്റിപ്പോയ ലോറിയിൽ അപകടസൂചനയായി നാട്ടിയിരുന്ന ചുവന്ന കൊടി താഴെവീണതു കണ്ട് അതെടുത്ത് വീശിക്കൊണ്ട് ലോറിക്കാരുടെ ശ്രദ്ധ ക്ഷണിക്കാൻ ശ്രമിക്കുമ്പോഴേക്കും ചാപ്ലിന്റെ പിറകിൽ തൊഴിലാളികളുടെ സമരജാഥ എത്തിക്കഴിഞ്ഞു. ചാപ്ലിനാണ് ജാഥയുടെ നേതാവെന്നു കരുതി പോലീസ് അയാളെ അറസ്റ്റ് ചെയ്ത് ജയിലിലാക്കുന്നു. പുറത്തു വരുമ്പോൾ ദരിദ്രയും അനാഥയുമായ ഗാമിനെ കണ്ടുമുട്ടുന്നു. പരസ്പരം ഇഷ്ടപ്പെടുന്ന അവരുടെ സങ്കടങ്ങളും പോലീസ് പീഡനങ്ങളും തൊഴിലിനുവേണ്ടിയുള്ള അലച്ചിലും ഒക്കെയായി കഥ പുരോഗമിക്കുന്നു. എല്ലാ പ്രതിബന്ധങ്ങളെയും ബുദ്ധിമുട്ടുകളെയും അതിജീവിക്കാനുള്ള നിശ്ചയദാർഢ്യത്തോടെ ചാപ്ലിനും കാമുകിയും ഒരുമിച്ച് നീങ്ങുമ്പോൾ സിനിമ അവസാനിക്കുന്നു. പാർശ്വവൽക്കരിക്കപ്പെട്ടവരും അധഃസ്ഥിതരുമായ മനുഷ്യർക്ക് ജീവിതത്തിന്റെ ദൈനംദിനാവശ്യങ്ങൾ നിറവേറ്റാൻ കഴിയാത്ത സാമൂഹ്യാവസ്ഥയെക്കുറിച്ചുള്ള ആശങ്കകൾ ഈ സിനിമ മുമ്പോട്ടു വയ്ക്കുന്നു. ഇവ്വിധത്തിലുള്ള അടിസ്ഥാന സംഘർഷങ്ങളെയും വൈരുധ്യങ്ങളെയും അടയാളപ്പെടുത്തുന്ന സിനിമ ദരിദ്രന്റെ പക്ഷംചേരുന്നുണ്ട്.

സിനിമ ആരംഭിക്കുന്നത്, വലിയ ഒരു ക്ലോക്കിന്റെ ക്ലോസപ്പ് ദൃശ്യത്തിലാണ്. അതിന്റെ സൂചികൾ 6 മണിയിലേക്ക് എത്തിക്കൊണ്ടിരിക്കുന്നു. സ്ക്രീനിൽ താഴെപ്പറയുന്ന വാക്യം എഴുതിക്കാണിക്കുന്നു. “A story of industry, of individual enterprise-humanity crusading in the pursuit of happiness” (വ്യവസായത്തിന്റെ കഥ, ഒരു വൈയക്തിക സംരംഭത്തിന്റെ കഥ - മാനവരാശി ആനന്ദം തേടി

നടത്തുന്ന കുരിശുയുദ്ധത്തിന്റെ കഥ.) അതിനു ശേഷം പ്രത്യക്ഷപ്പെടുന്ന രണ്ടു ഷോട്ടുകൾ സിനിമയുടെ പ്രമേയത്തെയും അതിന്റെ സഞ്ചാരവഴിയെയും സൂചിപ്പിക്കുന്നതാണ്. പ്രശസ്ത റഷ്യൻ സംവിധായകനും സൈദ്ധാന്തികനുമായ ഐസൻസ്റ്റിന്റെ ധൈഷണിക മൊണ്ടാഷ് (Intelectual montage) ആണ് ഈ ദൃശ്യക്രമീകരണത്തിന് ഉപയോഗിച്ചിരിക്കുന്നത്. വ്യത്യസ്ത അർഥങ്ങളുള്ള രണ്ട് ഷോട്ടുകൾ കൂട്ടിയോജിപ്പിക്കുമ്പോൾ മൂന്നാമതൊരു അർഥം ജനിക്കുന്നു എന്ന സിദ്ധാന്തമാണത്. ക്യാമറയ്ക്ക് അഭിമുഖമായി സഞ്ചരിക്കുന്ന ചെമ്മരിയാടുകളുടെ കൂട്ടത്തിന്റെ ഉയർന്ന കോണിലുള്ള വിദൂരദൃശ്യം (ഹൈ ആംഗിൾ ലോങ് ഷോട്ട്) ആണ് ആദ്യത്തേത്. അതിൽനിന്ന് ഡിസോൾവ് ചെയ്യുന്നത് റോഡിലൂടെ ഫാക്ടറിയിലേക്കു വരുന്ന തൊഴിലാളികളുടെ സമാനമായ ദൃശ്യത്തിലേക്കാണ്. തൊഴിലാളികളെ മൃഗങ്ങളെപ്പോലെ കരുതുന്ന ഒരവസ്ഥയെയാണ് അതു സൂചിപ്പിക്കുന്നത്. വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങളോ സ്വതന്ത്രമായ പ്രവർത്തനമോ സാധ്യമല്ലാത്ത ഒരു ആട്ടിൻപറ്റത്തിന്റെ അവസ്ഥപോലെ ദയനീയമാണ് തൊഴിലാളികളുടെ അവസ്ഥ. നിരവധി വ്യാഖ്യാനങ്ങൾക്ക് വഴങ്ങുന്ന ഈ ദൃശ്യങ്ങളിൽ ഇനിയും സൂചനകളുണ്ട്. വെളുത്ത ആട്ടിൻപറ്റത്തിനിടയിൽ ഒരു കറുത്ത ആടിനെ കാണാം. അത് പൊതുകാഴ്ചയിൽനിന്നും ഒറ്റപ്പെട്ടുനിൽക്കുന്ന ഒന്നിനെയാണ് അടയാളപ്പെടുത്തുന്നത്. തൊഴിലാളികളുടെ ദയനീയാവസ്ഥയെക്കുറിച്ച് അനുതാപപൂർണമായ ഒരു പൊതുനിലപാട് സ്വീകരിക്കുമ്പോൾത്തന്നെ ചാപ്ലിൻകഥാപാത്രത്തിന്റെ വൈയക്തികാനുഭവങ്ങളിലേക്കും പോരാട്ടങ്ങളിലേക്കുമാണ് സിനിമ കേന്ദ്രീകരിക്കുന്നത് എന്നു വേണമെങ്കിൽ വായിച്ചെടുക്കാം.

ഫാക്ടറിയിലെ ദൃശ്യങ്ങൾ ആധുനിക വ്യാവസായികകാലത്തിന്റെ സംഘർഷങ്ങളും സമ്മർദങ്ങളും തൊഴിലാളികളെ എങ്ങനെയാണ് യന്ത്രങ്ങളാക്കുന്നത് എന്നു വെളിപ്പെടുത്തുന്നതാണ്. ഒന്നു ശ്വാസം വിടാനോ, മുഖത്ത് വന്നിരിക്കുന്ന ഒരീച്ചയെ ആട്ടിക്കളയാനോപോലും ആവാത്ത വിധത്തിൽ ജോലിഭാരമായിരുന്നു അക്കാലത്ത്. അധ്വാനത്തിൽനിന്ന് ആഹ്ലാദത്തിനു പകരം മടുപ്പും യാന്ത്രികതയുമാണ് ലഭിക്കുന്നത്. ചാപ്ലിൻ ചെയ്തുകൊണ്ടിരിക്കുന്ന ജോലി ശ്രദ്ധിച്ചാൽ ഇക്കാര്യം മനസ്സിലാവും. തൊഴിലാളികളുടെ മുമ്പിലൂടെ അതിവേഗം നീങ്ങുന്ന അസംബ്ലി ലൈനിലുള്ള നട്ട് സ്പാനർകൊണ്ട് മുറുക്കുന്ന ജോലിയാണ് അയാൾക്ക്. ഒന്നിനുപിറകെ ഒന്നായി അയാളുടെ മുമ്പിലൂടെ നീങ്ങുന്ന നട്ടുകൾ അയാൾ അതിവേഗത്തിൽ, യാന്ത്രികമായി മുറുക്കിക്കൊണ്ടിരിക്കുന്നു. ജോലിസമയത്തിനുശേഷവും കുറേസമയം ചാപ്ലിന്റെ കൈകൾ ഇതേരീതിയിൽ ചലിച്ചുകൊണ്ടിരിക്കുന്നതു കാണാം. നട്ടിന്റെ ആകൃതിയിൽ കാണുന്ന എന്തും, മറ്റു മനുഷ്യരുടെ വസ്ത്രങ്ങളിലുള്ള ബട്ടനുകൾപോലും സ്പാനർകൊണ്ട് മുറുക്കാൻ ചാപ്ലിൻ ശ്രമിക്കുമ്പോൾ നമ്മൾ ആർത്തുചിരിക്കുമെങ്കിലും അതിന്റെയടിയിൽ നടുക്കുന്ന ദുരന്തത്തിന്റെ ചൂളംവിളികളുണ്ട്. ഭക്ഷണസമയം ലാഭിക്കുന്നതിനു വേണ്ടി കണ്ടുപിടിച്ച ഒരു പുതിയ യന്ത്രം പരീക്ഷിക്കുന്നത് ചിരിയുണർത്തുന്നതോടൊപ്പം മുതലാളിത്തത്തിന്റെയും യന്ത്രസംസ്കൃതിയുടെയും മനുഷ്യത്വരഹിതമായ വികാസത്തെക്കുറിച്ചുള്ള മുന്നറിയിപ്പുകളും നൽകുന്നു. യന്ത്രങ്ങൾ ഭയാനകമാം വിധം മനുഷ്യരെ വലയം ചെയ്തിരിക്കുന്നു എന്നതിന്റെ സൂചനകൾ



നൽകുന്ന നിരവധി ദൃശ്യങ്ങൾ സിനിമയിലുട നീളമുണ്ട്.

സിനിമയിൽ ശബ്ദം ഉപയോഗിച്ചുതുടങ്ങി ഏറെ നാൾക്കുശേഷമാണ് ചാപ്ലിൻ വളരെ സൂക്ഷിച്ച് മടിച്ചുമടിച്ച് ശബ്ദമുപയോഗിച്ചത്. തെണ്ടിയും ദരിദ്രനും കോമാളിയും മനുഷ്യ സ്നേഹിയും ആയ ചാപ്ലിൻ കഥാപാത്രം സംസാരിച്ചു കേൾക്കാൻ ലോകമെങ്ങുമുള്ള പ്രേക്ഷകർ കൊതിയോടെ കാത്തിരുന്നു. പക്ഷേ, ശബ്ദത്തിന്റെ ഉപയോഗത്തെ വേണ്ടത്ര സ്വീകരിക്കാത്ത സൈദ്ധാന്തികനി ലപാടാണ് ചാപ്ലിൻ സ്വീകരിച്ചത്. 'മോഡേൺ ടൈംസി'ൽ ചിലയിടത്ത് റിക്കാർഡ് ചെയ്ത സംഗീതമോ മറ്റു ശബ്ദങ്ങളോ ഉപയോഗി ക്കുന്നുണ്ട്. ഓർക്കസ്ട്രയുടെ സമൃദ്ധമായ സംഗീതവും വിസിൽ ശബ്ദം, സൈറനുകൾ, മണിയടിയൊച്ചകൾ എന്നിങ്ങനെയുള്ള പരി സരശബ്ദങ്ങളും ഇതിന്റെ ശബ്ദപഥത്തിൽ ഉപയോഗിച്ചിട്ടുണ്ട്. സംഭാഷണഭാഷ നാലിടത്ത് മാത്രമാണ് ഉപയോഗിച്ചിരിക്കു ന്നത്. ഈ സംഭാഷണമെല്ലാം യന്ത്രങ്ങളു മായി ബന്ധപ്പെട്ടതാണെന്നത് അർഥഗർഭ മാണ്. ഫാക്ടറി മുതലാളി അയാളുടെ മുറി യിലിരുന്നു ക്ലോസ്ഡ് സർക്യൂട്ട് ടെലിവിഷ നിലൂടെ ഫാക്ടറിക്കുള്ളിലെ ഓരോ സെക്ഷനിലെയും ജോലികൾ നിരീക്ഷിക്കു കയും ഇടയ്ക്കിടെ ജോലിയുടെ വേഗം കൂട്ടാ നുള്ള നിർദേശങ്ങൾ നൽകുകയും ചെയ്യു ന്നുണ്ട്. ഇവിടെ ഭാഷ അധികാരത്തിന്റെയും നിയന്ത്രണത്തിന്റെയും ഭാഗമായാണ് പ്രയോ ഗിക്കപ്പെടുന്നത്. ഇത് വളരെ പ്രധാനപ്പെട്ട ഒരു സമീപനമാണ്. ആധുനികസമൂഹത്തിൽ ഭാഷ വിലക്കുകളായും കാപട്യപ്രയോ ഗങ്ങളായും അമിതാധികാരപ്രയോഗമായും ഉപയോഗിക്കപ്പെടുകയാണെന്ന് ചാപ്ലിൻ ഉൽക്കണ്ഠപ്പെടുന്നു.

യന്ത്രങ്ങൾക്കിടയിലെ മുഷിപ്പനായ യാന്ത്രി കജോലികൾ മനുഷ്യരെ അധ്വാനത്തിൽനിന്ന് അന്യവൽക്കരിക്കുമെന്നും അവസാനം യന്ത്ര വൽക്കരണങ്ങളിലൂടെ മനുഷ്യാധ്വാനം തന്നെ പുറന്തള്ളപ്പെടുമെന്നും മനുഷ്യരെ തൊഴിൽര ഹിതരാക്കുമെന്നുമുള്ള ചാപ്ലിന്റെ ഭീതി ഏറ ക്കുറേ യാഥാർഥ്യമായിക്കൊണ്ടിരിക്കുകയാ ണല്ലോ. യന്ത്രങ്ങൾ മനുഷ്യർക്കുമേലും മാനവികതയ്ക്കുമേലും അതിന്റെ മന്തൻകാ ലുകൾകൊണ്ട് ചവിട്ടുകയും മനുഷ്യരെയാകെ യന്ത്രസമാനരാക്കുകയും ചെയ്യുമെന്ന് ചാപ്ലിൻ ഭയപ്പെടുന്നുണ്ട്. ആ ഭീതിയും അതി നോടു ബന്ധപ്പെട്ട സാമൂഹികസമസ്യകളു മാണ് ചാപ്ലിൻ തന്റെ 'മോഡേൺ ടൈംസ്' എന്ന ചിത്രത്തിലവതരിപ്പിക്കുന്നത്. മനുഷ്യൻ വികാരവിചാരങ്ങളില്ലാത്ത യന്ത്രങ്ങളാവു കയും യന്ത്രങ്ങളിൽത്തന്നെ കുടുങ്ങിപ്പോവു കയും ചെയ്യുന്ന യന്ത്രവൽകൃത സമൂഹ ത്തിന്റെ ആപൽസൂചനകൾകൊണ്ട് ഈ സിനിമ ഒരു ചലച്ചിത്ര പ്രബന്ധത്തിന്റെ ദാർശനികഗൗരവം കൈവരിക്കുന്നു. ദൃശ്യ ങ്ങൾക്ക് ബാഹ്യാർഥത്തിൽനിന്നു വ്യത്യ സ്തമായി രാഷ്ട്രീയ-സാമ്പത്തികാർഥങ്ങൾ സമൃദ്ധമായി നൽകപ്പെട്ടിരിക്കുന്നു. ചുരുക്ക ത്തിൽ, 'മോഡേൺ ടൈംസ്' അടക്കമുള്ള ചാപ്ലിൻസിനിമകൾ കാലാതിവർത്തിയാവു ന്നത്, ഒരേസമയം കാലികവും കാലാതീത വുമായ പ്രശ്നങ്ങളവതരിപ്പിക്കുന്നതുകൊ ണ്ടാണ്. പീഡിതരുടെ, അവഗണിക്കപ്പെടുന്ന വരുടെ, ഒന്നുമില്ലാത്ത സാധാരണ മനുഷ്യ രുടെ ധാർമികതയിൽനിന്നും യുക്തിവിചാ രങ്ങളിൽനിന്നും രൂപംകൊള്ളുന്ന ലോകവ ഴികളാണ് 'മോഡേൺ ടൈംസി'ലും തെളി യുന്നത്.

- ചാപ്ലിൻസിനിമകളിലെ ചിരിയുടെ പിന്നിൽ കണ്ണീരിന്റെ നനവും ദുരന്തത്തിന്റെ ചൂളം വിളികളുമുണ്ടെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. 'മോഡേൺ ടൈംസി'ലും ഈ സവിശേഷത കണ്ടെത്താനാവുമോ? ദൃശ്യങ്ങൾ വിശകലനം ചെയ്ത് നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.
- ചലച്ചിത്രത്തിന്റെ തുടക്കത്തിൽ കടന്നുവരുന്ന ആട്ടിൻപറ്റങ്ങളുടെയും തൊഴിലാളികളുടെയും ഉയർന്ന കോണിലുള്ള വിദൂരദൃശ്യത്തെ ലേഖകൻ വ്യാഖ്യാനിച്ചിട്ടുണ്ടല്ലോ. സാധ്യതയുള്ള മറ്റു ദൃശ്യങ്ങൾ സിനിമയിൽനിന്നു കണ്ടെത്തി വ്യാഖ്യാനിക്കുക.
- "തലയിൽ ചകിരിച്ചോറും തിരുകി  
തെണ്ടിനടക്കും കഴുതകളേ  
കൊടിയും യോഗവുമൊന്നും നിങ്ങൾ-  
ക്കുടയവരാകില്ലൊരു നാളും  
എല്ലുനുറുങ്ങെയടങ്ങിയൊതുങ്ങി  
വല്ലതുമിവിടെപ്പണിചെയ്താൽ  
പട്ടിണിയെങ്കിലുമില്ലാതരവയർ  
കഷ്ടിച്ചിങ്ങനെ നിറയിക്കാം."

**സംസ്കാരത്തിന്റെ നാളങ്ങൾ - വയലാർ രാമവർമ**

ഈ മനോഭാവം തന്നെയാണോ 'മോഡേൺ ടൈംസി' ലെ ഫാക്ടറി ഉടമയിലും കാണുന്നത്? പരിശോധിക്കുക.

- ചലച്ചിത്രനിരൂപണങ്ങൾ കണ്ടെത്തി വായിക്കുക. നിങ്ങൾക്കിഷ്ടപ്പെട്ടവ കൂട്ടുകാരുമായി പങ്കുവയ്ക്കുകയും അവയുടെ സവിശേഷതകൾ ചർച്ചചെയ്യുകയും വേണം.
- "മരിച്ചിട്ടില്ലാ ഞങ്ങ-  
    ളിന്നോള-മൊരുനാളും  
മരിക്കി; ല്ലൊടുങ്ങാത്ത  
    സൃഷ്ടിശക്തികൾ ഞങ്ങൾ"

ഈ വരികളിലെ ആശയത്തിലൂന്നി ഗാന്ധിജയന്തിദിനത്തിൽ നടത്താനുള്ള ഒരു പ്രസംഗം തയാറാക്കുക.

# കല്ലേറിയുന്നവർ

സി. വി. ശ്രീരാമൻ



ഈ മുസ്സാവരി ബംഗ്ലാവിന്റെ വാതിൽക്കൽ കാത്തിരിപ്പ് ആരംഭിച്ചിട്ട് അധികം നാളുകളായിട്ടില്ല. പക്ഷേ, ക്ഷമയുടെ യുഗങ്ങളായിരുന്നു.

പിന്നീടൊക്കെ, ആകാംക്ഷയോടെയല്ല, ആശങ്കയോടെയുമല്ല, ഒരു വഴിപാട് എത്തിക്കുന്ന നിഷ്ഠയോടെ മാത്രം ഇവിടെ വരുന്നു.

കാത്തിരിക്കുന്നു.

വെയിൽ വർധിച്ചുവരുമ്പോൾ ഉറങ്ങുന്നു. ഉണരുമ്പോൾ വെയിൽ മങ്ങിക്കാണും. അപ്പോൾ പതുക്കെ എഴുന്നേറ്റു ചെന്ന് ചോദിക്കും....

"ഇന്ന് എൻക്വയറി ഉണ്ടാവില്ലെന്നുണ്ടോ?"

കേൾക്കാത്തതുകൊണ്ടല്ല. വാച്ച്മേൻ മറുപടി പറയില്ല.

ചോദ്യം ആവർത്തിച്ചാൽ ഇങ്ങനെയൊരു മറുപടി കിട്ടും:

"ഓഫീസർ വരുമ്പോൾ മുറി തുറന്നുകൊടുക്കുവാൻ എനിക്ക് ആർഡർ ഉണ്ട്...."

ഓഫീസർ വരുമോ?

ക്ഷീണിച്ച സ്വരത്തിലുള്ള ഈ ചോദ്യങ്ങൾക്ക് ഒരിക്കലും മറുപടി കിട്ടാറില്ല.

കഴിഞ്ഞ എല്ലാ തവണയും ഇങ്ങനെയൊക്കെത്തന്നെ സംഭവിച്ചു.

ഏതാണ്ട് സന്ധ്യയോടടുക്കുമ്പോൾ വാച്ച്മേൻ വന്നു പറയും;

"ഫോൺ വന്നിരിക്കുന്നു. ഇന്ന് ഓഫീസർ വരില്ല...."

"എൻക്വയറി എന്നേക്കാണ് നീട്ടിയത് എന്ന് വല്ലതും പറഞ്ഞിട്ടുണ്ടോ?"

വാച്ച്മേന് ദേഷ്യം വരും.

"ഉണ്ടെങ്കിൽ ഞാനത് പറയില്ല്യെ ഹെ...."

പിന്നെ വാച്ച്മേൻ അധികാരം കാണിക്കും.

“എല്ലാവരും പുറത്തുപോണം. ഞാൻ പടി അടയ്ക്കാൻ പോകുന്നു.”

അടുത്ത എൻക്വയറിയുടെ തീയതി എന്നും ഇരുട്ടിൽത്തന്നെ. അയാളും സാക്ഷികളും തിരിച്ചുപോകും.

ദിവസങ്ങൾക്കുശേഷം, ചിലപ്പോൾ മാസങ്ങൾക്കുശേഷം എൻക്വയറി തീയതി നിശ്ചയിച്ചുകൊണ്ടുള്ള കല്പന കിട്ടും.

അന്നും തിരിച്ചുപോരുമ്പോൾ സന്ധ്യമയങ്ങും. മനസ്സിലോ, അനിശ്ചിതത്വത്തിന്റെ ഇരുട്ട് പരക്കെ പടർന്നിരിക്കും.

അങ്ങനെ തവണകളായി എൻക്വയറി നീളുന്നു.

ഇന്നും അയാൾ നേരത്തേ എത്തിയിരുന്നു. ഒരു പോറൽ പോലും ഏൽപ്പിക്കാതെ, ടാക്സിയിൽ നിന്ന് സാക്ഷികളെയും ഇറക്കി. ഓരോ തവണ വരുമ്പോഴും സാക്ഷികളുടെ മുഖം കൂടുതൽ വീർത്തിരിക്കും. അവരുടെ സ്വരത്തിൽ മുറുമുറുപ്പ് വർധിച്ചുവരുന്നു.

ഇവിടെ എത്തിയാൽ അയാൾക്കും സാക്ഷികൾക്കും ഒന്നേ ചെയ്തുതീർക്കാനുള്ളൂ.

കാത്തിരിപ്പ്.... ചായകുടി... പിന്നെയും ചായ..... ഉച്ചഭക്ഷണം.... പിന്നെ മുസ്സാവരി ബംഗ്ലാവിന്റെ ഉമ്മറത്ത് ഉച്ചയുറക്കം....

ഇന്ന് വാച്ച്മേൻ വാതിൽ മാത്രമല്ല, ജനലുകളും മലർക്കെ തുറന്നിട്ടിരിക്കുന്നു. കസേരയുടെ മുകളിൽ പങ്ക ഉച്ചത്തിൽ തിരിയുന്നു. സർക്കാർസ്ഥാപനങ്ങളിൽ ആളുകൾക്കല്ല പങ്ക തിരിയുന്നത്, കസേരയ്ക്കാണല്ലോ....

വാച്ച്മേൻ വിളംബരം നൽകി. ഓഫീസർ സ്ഥലത്തെത്തിയിട്ടുണ്ട്. സത്രത്തിലുണ്ട്.... ഇപ്പോൾ അമ്പലത്തിൽ തൊഴാൻ പോയിരിക്കുന്നു....

എൻക്വയറി ഉണ്ടാവും. ആളുകൾ ഇവിടെത്തന്നെ ഉണ്ടാവണം.

അയാൾ ബെഞ്ചിലിരുന്നു. പൊടിതുടച്ച് സാക്ഷികളെയും ഇരുത്തി. അയാൾ ഓർത്തു....

എൻക്വയറി മറ്റെന്നത്തേയും പോലെയല്ല.

ഇന്ന് അതൊരു മിഥ്യയല്ലാതാവാൻ പോകുന്നു. ചോദ്യങ്ങൾ പ്രവഹിക്കും.

ചോദ്യങ്ങളെ കീഴ്പ്പെടുത്തുന്ന ഉത്തരങ്ങൾ അയാൾ സംഭരിച്ചുവച്ചിരുന്നു. സാക്ഷികളെയും പഠിപ്പിച്ചിരുന്നു.

പെട്ടെന്ന് മനസ്സിൽ ആരുടെയോ വാക്കുകൾ മുഴങ്ങുന്നു.

ഇങ്ങനെ ഇരുന്നതുകൊണ്ടൊന്നും ഫലമില്ല. തലസ്ഥാനത്തുപോയി ഓഫീസറെ ഒന്ന് നേരിൽ കാണരുതോ. പരിചയമുള്ള ആളല്ലേ....

അയാൾ സങ്കോചപ്പെട്ടു. ഓഫീസറുമായി വർഷങ്ങൾക്കുമുമ്പ് ഏതാനും നാളത്തെ പരിചയമുണ്ട്. പക്ഷേ, സമുദ്രംപോലെ പരന്നുകിടക്കുന്ന വകുപ്പ്. അതിലെ ഒരു കീഴ്ജീവനക്കാരനെ ഓഫീസർ ഓർത്തില്ലെന്നുതന്നെ വരും.

ഒരുപക്ഷേ, ഫലം മറിച്ചാകില്ലെന്ന് ആരു കണ്ടു.

ഒരു എൻക്വയറി ഓഫീസറെ സ്വാധീനിക്കാൻ വന്നിരിക്കുന്നു, അല്ലേ?

എന്നാലും ഇന്ന് കണ്ണിയറ്റ ചിന്തകളിൽ അതും സ്ഥലം പിടിക്കുന്നു.

ഒന്നു നേരിൽ കാണാമായിരുന്നു.

നേരിൽ കണ്ടാൽ തിരിച്ചറിയുമെന്നുവരില്ല. താൻ ഇന്ന് എന്തുമാത്രം മാറിപ്പോയിരിക്കുന്നു....

അകാലവാർധക്യവും അകാലചരമവും താൻ ജോലിചെയ്യുന്ന വകുപ്പിന്റെ കനിവും പാരിതോഷികങ്ങളുമാണ്. ഈ വകുപ്പിലെ ജോലിക്കാർക്ക് ദാരിദ്ര്യം കൂടാതെ ലഭിക്കുന്ന ഒന്നുണ്ട് - മദ്യം.

അമിതമായി, കാലങ്ങളായി ശീലിച്ചുപോന്നതിന്റെ പാടുകൾ ശരീരത്തിനകത്തും പുറത്തും കാണാം.

കുടുംബക്ലേശം കൊണ്ട് മനസ്സും ശവപ്പറമ്പായിരിക്കുന്നു.

ഇരുപത്തഞ്ച് വർഷങ്ങൾ തുനിഞ്ഞിട്ടും ഔദ്യോഗികജീവിതത്തിൽ കയറാൻ കഴിഞ്ഞത് ഒരു പടി മാത്രമാണ്. ഒപ്പമുണ്ടായിരുന്നവർ ഏണിപ്പടികൾ കയറിക്കയറി പോകുമ്പോൾ ബൊക്കെയും മാലയും പുഞ്ചിരിയും സമ്മാനിച്ചിട്ടുണ്ട്. പുഞ്ചിരിക്കു മാത്രം അമിതമായ വില കൊടുത്തിട്ടുണ്ട്.

ഇന്ന് പടികയറാനുള്ള മോഹം പോലും അസ്ഥാനത്താണ്. സസ്പെൻഷൻ പിൻവലിച്ച് എങ്ങനെയെങ്കിലും ജോലിയിൽ കയറിപ്പറ്റിയാൽ മതിയായിരുന്നു....

ഇന്ന് എൻക്വയറിയുടെ സമയം അടുത്തപ്പോൾ അയാൾ ഓർത്തു: എന്താണ് തന്റെ പേരിലുള്ള ആരോപണം?

വാങ്ങിക്കുന്നത് കോഴയാണെന്ന് വാങ്ങുന്നവൻ ചിന്തിക്കാറുണ്ടോ.....

കൊടുക്കുന്നത് കൈക്കൂലിയാണെന്ന് കൊടുക്കുന്നവൻ ചിന്തിച്ചിട്ടുണ്ടോ.....

ഒരു സമ്പ്രദായം.

ആവശ്യക്കാർ അംഗീകരിച്ച ഒരു സമ്പ്രദായം....

പക്ഷേ, തന്റെ പേരിൽ ഇന്ന് അതൊരു ചാർജായി ഉന്നയിക്കപ്പെട്ടിരിക്കുന്നു.

അതിന്റെ സ്വരത്തിന് ദാർഢ്യം മൂർഛിക്കുന്നു....

ഒരു പൗരനോട് കൈക്കൂലി ചോദിച്ചിരിക്കുന്നു.

ഉടനെ നടപടികളായി....

അന്വേഷണവിധേയമായ സസ്പെൻഷൻ.

വകുപ്പുമേലധികാരിയെക്കൊണ്ട് അന്വേഷണം.

പതിവുപോലെ ഇന്നും അയാൾ ഓർത്തു:

ആദ്യമായി കിട്ടിയ കൈക്കൂലി.... സർക്കാർ ഉദ്യോഗസ്ഥന്റെ ഉടുപ്പു മാത്രം ധരിക്കാൻ തുടങ്ങിയ കാലം... സർക്കാർ ഉദ്യോഗസ്ഥന്റെ മുഖമോ മനസ്സോ എടുത്തണിയാൻ കൈവിരുത് നേടിയിട്ടുണ്ടായിരുന്നില്ല.

ഒരു ചെറിയ കെട്ടിടത്തിന്റെ ഏറ്റവും ഒടുവിലത്തെ മുറിയായിരുന്നു അന്നത്തെ ഓഫീസ്. അയാൾ അധികസമയവും പുറത്തേക്കു നോക്കിയിരിക്കും. ചുറ്റും, പടിപടിയായി ഉയർന്നുപോകുന്ന നെൽപ്പാടങ്ങൾ. നെൽപ്പാടങ്ങൾ അകലെ മലയിടുക്കുകളിൽ ചെന്നവസാനിക്കുന്നു. അവിടത്തെ മഴയ്ക്ക് എന്തു ഭംഗിയായിരുന്നു! പ്രത്യേകിച്ചും കരിമ്പനക്കാടുകളിൽ ഉതിരുന്ന മഴയ്ക്ക്.

അന്നത്തെ സഹപ്രവർത്തകരെ മുഴുവനും ഓർക്കുന്നു. മേലുദ്യോഗസ്ഥനെ ഇന്നും ഓർക്കുന്നു. അദ്ദേഹം എന്തുമാത്രം ഉയർന്നു പോയി.

അന്നൊരുദിവസം ഒരു കോൺട്രാക്ടർ ലൈസൻസ് പുതുക്കുവാൻ വന്നിരുന്നു. തികച്ചും അർഹിക്കുന്ന കാര്യം. കഴിയും വേഗത്തിൽ ചെയ്തുകൊടുത്തു. കാര്യം സാധിച്ചുകൊടുത്തപ്പോൾ ആ മനുഷ്യൻ കീശയിൽ നിന്നൊരു കവർ എടുത്തു.

“ഉം?”

അയാൾ മുഖമുയർത്തി.

“ഇത് പതിവുള്ളതാണ്.”

‘‘കൊണ്ടുപോകൂ.... മിസ്റ്റർ, നിങ്ങളുടെ പതിവ്.”

കൂടുതൽ പറയണമെന്നുണ്ടായിരുന്നു. പക്ഷേ, അയാൾക്ക് കിതപ്പുതോന്നി. നാക്കിന് വരൾച്ചയും.

കോൺട്രാക്ടർ അതൊരിക്കലും പ്രതീക്ഷിച്ചതല്ല. അയാൾ ഭയന്നുനിന്നു. പിന്നെ ഇറങ്ങിപ്പോയി.

കുറച്ചുസമയത്തിനുശേഷം മേലുദ്യോഗസ്ഥൻ അയാളെ വിളിച്ച് ആ കോൺട്രാക്ടർ പോയോയെന്ന് ആരാഞ്ഞു.

“പോയി സാർ.”

“താൻ എന്താ എന്നെ കണ്ടിട്ട് പോകാൻ പറയാതിരുന്നത്.... ഇത്രയ്ക്ക് വിവരം ഇല്ല്യേ?”

അയാൾ കുറ്റബോധത്തോടെ മിഴിച്ചുനിന്നു.

“എന്തേടൊ മിഴിച്ചുനിൽക്കുന്നേ, പോയി ആ മനുഷ്യനെ വിളിച്ചുകൊണ്ട് വരൂ. വന്നില്ലെങ്കിൽ അവന്റെ ലൈസൻസ് ഞാൻ തെറിപ്പിക്കും എന്ന് പറയൂ...”

അയാൾ ആ മനുഷ്യനെ തേടി പുറപ്പെട്ടു. വിവരം പറഞ്ഞപ്പോൾ ആ മനുഷ്യൻ ആകെ വിഷമിച്ചു. ഒരു കടക്കാരനെപ്പോലെ പതുങ്ങി. കൂടെപ്പോരാൻ ഭയന്നു. പകരം കുറേ നോട്ടുകൾ ഒരു കവറിലിട്ട് തന്നു. പിഴയും പ്രായശ്ചിത്തവും ചേർത്ത്.

ആ കവർ അയാൾ മേലുദ്യോഗസ്ഥനെ ഏൽപ്പിക്കുമ്പോൾ വിവശനായി ഇങ്ങനെയൊക്കെ ഓർത്തിരുന്നു. മേലുദ്യോഗസ്ഥൻ പരിഭ്രമിച്ച് കണ്ണുകൾ ചിമ്മി വേഗത്തിൽ കവർ കീശയിലേക്കു തിരുകും. പക്ഷേ, മേലുദ്യോഗസ്ഥൻ കവർ തുറന്ന് സൂക്ഷ്മതയോടെ നോട്ടുകൾ രണ്ടു പ്രാവശ്യം എണ്ണി. ശമ്പളം വാങ്ങുമ്പോഴും മേലുദ്യോഗസ്ഥൻ ഇങ്ങനെ രണ്ടു പ്രാവശ്യം എണ്ണിത്തിട്ടപ്പെടുത്താറുണ്ടായിരുന്നു.

“തനിക്കുള്ളത് താൻ ചോദിച്ച് മേടിച്ചുവോ?”

“ഇല്ല സാർ...”

“തനിക്ക് ഹരിശ്ചന്ദ്രനാവാനാണെങ്കിൽ ഈ വകുപ്പിൽ ചേരേണ്ടിയിരുന്നില്ല.”

മേലുദ്യോഗസ്ഥന്റെ മുഖത്ത് അനുകമ്പ നിഴലിച്ചു. അദ്ദേഹം കവറിനകത്തുനിന്ന് രണ്ട് പത്തുരൂപ നോട്ടുകൾ എടുത്ത് അയാൾക്കു കൊടുത്തു. എന്നിട്ട് ഉപദേശിച്ചു:

“പുതിയ ആളായതുകൊണ്ട് പറഞ്ഞുതരുന്നതാണ്. മേലാൽ തനിക്കുള്ളത് താൻ ചോദിച്ചുമേടിച്ചോണം...”

വർഷങ്ങൾ എത്ര കഴിഞ്ഞു. അയാൾ ഓർത്തുനോക്കുന്നു. എത്രയോ ചോദിച്ചുമേടിച്ചു. ഭീഷണിപ്പെടുത്തിയിട്ട് എത്ര വാങ്ങിയിട്ടുണ്ട്. തടഞ്ഞുനിർത്തിയിട്ടും വാങ്ങിയിട്ടുണ്ട്.

അന്നൊന്നും കൈക്കൂലിക്കാരനായിരുന്നില്ല.

ഒടുവിൽ.....

രണ്ടുവർഷങ്ങൾക്കുമുമ്പ് ഒരു പരാതി വന്നപ്പോൾ താൻ കൈക്കൂലിക്കാരനായി......

അത് അന്വേഷണവിധേയമായിരിക്കുന്നു.

താൻ പാപം ചെയ്തിരിക്കുന്നു. കല്ലേറിയുവാൻ വിധിക്കപ്പെട്ടിരിക്കുന്നു.

മുസ്സാവരി ബംഗ്ലാവിന്റെ മുറ്റത്തേക്ക് ഒരു കാറ് കയറിവന്നു. തണൽ തേടി കാറ് തൈമാവിന്റെ ചുവട്ടിലേക്കു നീങ്ങി. കാറിന്റെ കേരിയറിൽ തട്ടി കണ്ണിമാങ്ങകൾ ഉതിർന്നു.

അന്വേഷണ ഉദ്യോഗസ്ഥൻ കാറിൽ നിന്നും ഇറങ്ങി. മുസ്സാവരി ബംഗ്ലാവിന്റെ ഉമ്മറത്തേക്ക് സൂക്ഷ്മതയോടെ നോക്കി.

പണ്ട് നോട്ടുകൾ എണ്ണുമ്പോൾ കാണിച്ച അതേ സൂക്ഷ്മത.

പിന്നെ കാറിൽ നിന്ന് ഫയല് എടുത്ത് അമർത്തിച്ചവിട്ടിക്കൊണ്ട് നടന്നടുക്കുന്നു....

അയാളുടെ മനസ്സിൽ ഭീതിയുടെ മഞ്ഞ് അടിഞ്ഞുകൂടുന്നു. കണ്ണുകളിൽ നിസ്സഹായതയുടെ കൂരിരുട്ടും.

ഇരുട്ടിൽ കാഴ്ച നഷ്ടപ്പെടുന്നതിനുമുമ്പ് അയാൾ ഒന്നുകൂടെ നോക്കി. കൈയിലെ ഫയലിന് രൂപാന്തരമുണ്ടാകുന്നു....

അത് കാരിരുമ്പിന്റെ നിറമുള്ള, ഘനമുള്ള കൂർത്ത ഒരു പാറക്കല്ലായി മാറുന്നു.

**ദുഃഖിതരുടെ ദുഃഖം**

- “മുസ്സാവരി ബംഗ്ലാവിന്റെ മുറ്റത്തേക്ക് ഒരു കാറ് കയറിവന്നു. തണൽ തേടി കാറ് തൈമാവിന്റെ ചുവട്ടിലേക്കു നീങ്ങി. കാറിന്റെ കേരിയറിൽ തട്ടി കണ്ണിമാങ്ങകൾ ഉതിർന്നു.

  അന്വേഷണ ഉദ്യോഗസ്ഥൻ കാറിൽ നിന്നും ഇറങ്ങി മുസ്സാവരി ബംഗ്ലാവിന്റെ ഉമ്മറത്തേക്ക് സൂക്ഷ്മതയോടെ നോക്കി.

  ‘പണ്ട് നോട്ടുകൾ എണ്ണുമ്പോൾ കാണിച്ച അതേ സൂക്ഷ്മത’- ഈ വിവരണം കഥയുടെ അർഥവ്യാപ്തിക്ക് ആക്കം കൂട്ടുന്നത് എങ്ങനെ?

- കഥ അവസാനിക്കുന്നത് ഇങ്ങനെയാണ്:

  “ഇരുട്ടിൽ കാഴ്ച നഷ്ടപ്പെടുന്നതിനുമുമ്പ് അയാൾ ഒന്നുകൂടെ നോക്കി, കൈയിലെ ഫയലിന് രൂപാന്തരമുണ്ടാകുന്നു...

  അത് കാരിരുമ്പിന്റെ നിറമുള്ള, ഘനമുള്ള കൂർത്ത ഒരു പാറക്കല്ലായി മാറുന്നു.”

  ‘കല്ല്’ അതിന്റെ സാധാരണ അർഥത്തിൽനിന്നും ഭിന്നമായ ചില അർഥങ്ങൾ ഇവിടെ ഉണ്ടാക്കുന്നില്ലേ? പരിശോധിക്കൂ.

- ആനന്ദ് സൂചിപ്പിക്കുന്ന പട്ടുനൂൽത്തൊഴിലാളികളുടെയും ഈ കഥയിലെ കഥാപാത്രങ്ങളുടെയും തൊഴിലിനോടുള്ള നിലപാടുകൾ താരതമ്യം ചെയ്യുക.